**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2271** **30-09-2025-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ മുടങ്ങിയ സംഭവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി കെ. കെ. രമ

ശ്രീ. സജീവ് ജോസഫ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫ്ലെക്സിബിൾ യൂറിട്ടറോസ്കോപ് എന്ന ഉപകരണമില്ലാത്തതിനാൽ വൃക്കയിലും സമീപവുമുള്ള കല്ലുകൾ നീക്കം ചെയ്യുന്ന ശസ്ത്രക്രിയ മുടങ്ങി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫ്ലെക്സിബിൾ യൂറിട്ടറോസ്കോപ്പ് എന്ന ഉപകരണം ലഭ്യമല്ലാത്തതിന്റെ പേരിൽ ശസ്ത്രക്രിയ മുടങ്ങിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ടി ഉപകരണം വിതരണം ചെയ്തുകൊണ്ടിരുന്ന സ്ഥാപനം ഉപകരണത്തിന്റെ വില കൂട്ടിയത് കാരണം നിയമാനുസൃതമായി പർച്ചേയ്സ് ചെയ്യുന്നതിന് തടസ്സം നേരിട്ടിരുന്നുവെങ്കിലും അടിയന്തരമായി എച്ച്.ഡി.എസ്. മുഖേന ടി മെഷീൻ വാങ്ങി നൽകി ഉപകരണത്തിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനായി യൂറോളജി വിഭാഗത്തിൽ ചികിത്സ തേടി എത്തുന്ന രോഗികൾക്ക് അതിനൂതന മെഷീനായ ESWL വാങ്ങുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**